15 –ാം കേരള നിയമസഭ

14 –ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1861 **29-09-2025 - ൽ മറുപടിയ്ക്ക്**

സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനം

ചോദ്യം		ഉത്തരം	
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ		ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)	
(എ)	സംസ്ഥാന ഗ്രാൻഡ് ഇൻ എയ്ഡ് സർവകലാശാലകളിൽ എത്ര ഇടങ്ങളിലാണ് സ്ഥിരം വൈസ് ചാൻസലർമാർ ഉള്ളതെന്ന് അറിയിക്കാമോ;	(എ)	ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർവകലാശാലകളിൽ നാഷണൽ യൂണിവേഴ്സിറ്റി ദാഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)-ലാണ് വൈസ് ചാൻസലറെ നിയമിച്ചിട്ടുള്ളത്.
(ബി)	നിലവിൽ ഉണ്ടായിരുന്ന വൈസ് ചാൻസലർമാർ വിരമിച്ചതിന് ശേഷം സ്ഥിരം വൈസ് ചാൻസലർമാരെ തിരഞ്ഞെടുക്കാൻ എന്തെല്ലാം നടപടികളാണ് നാളിതുവരെ സർക്കാർ/ സർവകലാശാലകൾ സ്വീകരിച്ചത്; വിശദമാക്കുമോ;	(ബി)	മലയാളം സർവകലാശാലയിൽ വൈസ് ചാൻസലറെ നിയമിക്കുന്നതിനുള്ള സെർച്ച് കം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് 01.07.2024 തീയതിയിലെ സ.ഉ.(സാധാ) നം.771/2024/HEDN നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർവകലാശാലകളിൽ വൈസ് ചാൻസലർമാരെ തിരഞ്ഞെടുക്കുന്നതിനായി സെർച്ച് കം സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാർ നിയമനിർമ്മാണം നടത്തുകയും ആയത് അംഗീകരിക്കുന്നതിനായി ബഹു. ഗവർണർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.
(സി)	ഏതെല്ലാം യൂണിവേഴ്സിറ്റികളാണ് വൈസ് ചാൻസലർമാരുടെ നിയമനത്തിനുള്ള സെലക്ഷൻ/ സെർച്ച് കമ്മിറ്റിയിലേക്ക് യൂണിവേഴ്സിറ്റി നോമിനികളെ തെരഞ്ഞെടുത്ത് ചാൻസലർക്ക് റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കുമോ;	(സി)	വൈസ് ചാൻസലർമാരുടെ നിയമനത്തിനുള്ള സെലക്ഷൻ/സെർച്ച് കമ്മിറ്റിയിലേക്ക് നോമിനിയെ തിരഞ്ഞെടുത്തിട്ടുള്ള സിൻഡിക്കേറ്റ് തീരുമാനം കുസാറ്റ് സർവകലാശാല ചാൻസലറുടെ ഓഫീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
(ഡി)	സ്ഥിരം വൈസ് ചാൻസലർമാരുടെ അഭാവം യൂണിവേഴ്സിറ്റികളുടെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങളെ ഏതെല്ലാം തരത്തിലാണ് ബാധിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;	(ഡി)	നിലവിൽ സർവകലാശാലകളുടെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനത്തിൽ പ്രതിസന്ധി ഇല്ല. ഉന്നതവിദ്യാഭ്യാസ മേഖല ഇപ്പോൾ പരിഷ്കരണത്തിന്റെ പാതയിലാണ്. നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കൽ, മികവിന്റെ കേന്ദ്രങ്ങൾ, ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ, ഇന്റർനാഷണൽ ഹോസ്റ്റലുകൾ എന്നിവ സ്ഥാപിക്കൽ ഉൾപ്പെടെ നിരവധി പുരോഗമനപരമായ മാറ്റങ്ങൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര

			നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സ്റ്റഡി ഇൻ കേരള, സ്കോളർ കണക്ട്, ബ്രെയിൻ ഗെയിൻ തുടങ്ങിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം വാർഷികാടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചുവരുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് 2025 ൽ സംസ്ഥാനത്തെ വിവിധ സർവകലാശാലകളും, വിവിധ കോളജുകളും ഉന്നത സ്ഥാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്.
(ഇ)	സ്ഥിരം വൈസ് ചാൻസലർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതി, ബഹു.സുപ്രീംകോടതി എന്നിവിടങ്ങളിൽ നിലവിലുള്ള കേസുകളുടെ സ്ഥിതി എന്താണെന്നും ഈ ആവശ്യത്തിന് വേണ്ടിയുള്ള നിയമവ്യവഹാരത്തിന് എത്ര ലക്ഷം രൂപയാണ് സർക്കാർ നാളിതുവരെ ചെലവഴിച്ചതെന്നും വിശദമാക്കുമോ?	(ഇ)	വൈസ് ചാൻസലർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലും, സുപ്രീംകോടതിയിലുമുള്ള കേസുകളുടെ സ്ഥിതിയും, ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം യഥാക്രമം **അനുബന്ധം 1, 2** ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

ക്രമ നമ്പർ	കേസ് നമ്പർ	സ്ഥിതി സംബന്ധിച്ച വിവരം	നിലവിലുള്ള കേസ്സുകളിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം
1	WP(C) 26729/2024	നിലവിലുള്ള കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്	ഈ കേസ്സുകളിൽ ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറലും അദ്ദേഹത്തോടൊപ്പം ശ്രീ.വി.മനു, സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുമാണ് ഹാജരായിട്ടുള്ളത്. ആയതിനാൽ മറ്റ് തുകയൊന്നും അധികമായി ചെലവഴിച്ചിട്ടില്ല
2	WP(C) 25727/2024		
3	WP(C) 25975/2024		
4	WP(C) 32595/2024		
5	WP(C) 34943/2022		
6	WP(C) 35030/2022		
7	WP(C) 42548/2023		
8	WP(C) 26068/2024		
9	WP(C) 26752/2024		
10	WP(C) 27552/2024		
11	WP(C) 25583/2024		
12	WP(C) 28366/2024		
13	WP(C) 32739/2024		
14	WP(C) 35100/2022	നിലവിലുള്ള കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്	സർക്കാർ അഭിഭാഷകരാണ് കേസ്സ് കൈകാര്യം ചെയ്ത് വരുന്നത് മറ്റ് തുകയൊന്നും അധികമായി ചെലവഴിച്ചിട്ടില്ല

ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നാളിതുവരെയും മറ്റ് തുകയൊന്നും മേൽ വിഷയത്തിലുള്ള കേസുകൾക്കായി അധികമായി ചെലവഴിച്ചിട്ടില്ല.

S. J

സെക്ഷൻ ഓഫീസർ

2. സ്ഥിരം വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതി മുമ്പാകെയുള്ള കേസ്സുകളുടെ സ്ഥിതിയും നാളിതുവരെ ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	കേസ് നമ്പർ	ഫീസിനത്തിൽ നാളിതുവരെ ആകെ ചെലവഴിച്ച തുക	സ്ഥിതി
1	SLP(C)24157-58/2022 State Vs K. K. Vijayan	Rs. 7,62,313/-	ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്.
2	SLP(C) 20899-20900/2022 Dr. K. Riji John Vs. Dr. K. K. Vijayan	Rs. 50,94,998/-	
3	SLP(C)20680-20681/2025 Chancellor, APJ Abdul Kalam University Vs. State	തുക ഇതുവരെ അനുവദിച്ചിട്ടില്ല	
4 5	CA 7700/2023, SLP(C)4347/2022 Dr. Premachandran Keezhoth Vs Chancellor Kannur University and RP 598/2023 State Vs Dr. Premachandran Keezhoth	Rs. 37,77,340/-	ബഹു. സുപ്രീംകോടതി തീർപ്പാക്കിയ കേസുകൾ
6	CA 7634-35/2022 (SLP(C) 21108-109/2021 Prof. Dr. Sreejith P. S. Vs. Dr. Rajasree M. S and others	Rs. 1,47,515/-	

S. J

സെക്ഷൻ ഓഫീസർ

വി.എസ് 29/9/25